LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും

172 (2381) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലും പുനരധിവാസവും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിലെ പുരോഗതിയും അറിയിക്കാമോ ;

(ബി) തൊഴിലും തൊഴിലാളിക്ഷേമവും എന്ന കണക്കിൽ 2015 ജനുവരി 31 വരെ ആ സാമ്പത്തിക വർഷം നീക്കിവച്ച തുകയുടെ 57% മാത്രം ചെലവാക്കാനിടയായതിന്റെ കാരണം അവലോകനം ചെയ്തിരുന്നോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. * കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പദ്ധതി നടത്തിപ്പിനായി 580.56 കോടി രൂപ വകയിരുത്തുകയുണ്ടായി. അതിൽ 439.56 കോടിരൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് 76 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) കാരണം അവലോകനം ചെയ്തിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാലാണ് 31-10-2015-ന് 57 ശതമാനം മാത്രം ചെലവാക്കാനിടയായത്.

അന്യസംസ്ഥാന തൊഴിലാളികളുടെ വരവ്

173 (2382) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാന തൊഴിലാളികളെ കോൺട്രാക്ടർമാർ പല സ്ഥലങ്ങളിലും ടെന്റ് കെട്ടിയും മറ്റും താമസിപ്പിച്ചുവരുന്നത് തൊഴിൽ വകുപ്പിന്റെ അനുമതിയോടു കൂടിയാണോയെന്ന് വ്യക്തമാക്കുമോ ; അല്ലെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള താമസ സൗകര്യം തൊഴിലുടമ/കോൺട്രാക്ടർ നിർബന്ധമായും ഒരുക്കേണ്ടതാണ് എന്നും ആയതിൽ കൃത്യമായ നിബന്ധനകൾ പാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ടെന്റ് കെട്ടിയും മറ്റും അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ അനുമതി ആവശ്യമില്ല എങ്കിലും ഇത്തരം പ്രവണത സ്ഥാപന പരിശോധനയിലോ പരാതി മുഖേനയോ ശ്രദ്ധയിൽപ്പെടുന്നപക്ഷം മേൽനിയമപ്രകാരം തൊഴിലുടമ കരാറുകാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ നിയമലംഘനങ്ങൾ പരിഹരിക്കപ്പെട്ടതായി തുടർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുമുണ്ട്.

സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

174 (2383) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര സെക്യൂരിറ്റി നിയമന ഏജൻസികളുണ്ടെന്നും പ്രസ്തുത ഏജൻസികൾക്കു കീഴിൽ ജോലി ചെയ്യുന്ന എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ടെന്നും ഏജൻസി, ജില്ല തിരിച്ച കണക്കുകൾ നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ സെക്യൂരിറ്റി മേഖലയിലെ ജീവനക്കാർക്ക് സർക്കാരിന്റെ 24-7-2010-ലെ സ.ഉ (എം എസ്.) നമ്പർ 80/2010/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ ക്ഷേമനിധി അംഗത്വവും ആനുകൂല്യങ്ങളും കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നൽകുന്നു.

(ബി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിൽ 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സെക്യൂരിറ്റി ഏജൻസികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :